സീയോൻ സൈന്യമെ നീ ഉണർന്നിടുക

നിൻറെ വേല വിശ്വസ്തതയോടെ തികച്ചിടുക

അകൃത്യങ്ങളെല്ലാം ഏറ്റുപറയുക

പരിശുദ്ധനെ നിന്നിൽ ശുദ്ധീകരിക്ക -2

ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട

ദൈവജനമൊരുനാളും ഭയപ്പെടേണ്ട

വിടുതലേകുവാൻ വീര്യം പ്രവർത്തിക്കാൻ

ദൈവത്തിൻ കരമിന്നും കുറുകീട്ടില്ല -2

ഒരു ജാതി ഒന്നായ് ജനിച്ചിടുമോ?

ഒരു ദേശം ഒരു ദിനം കൊണ്ടു പിറക്കുമോ?

അതുപോലെ അത്ഭുതം ചെയ്യുന്ന ദൈവത്തിൽ

വിശ്വസിച്ചീടുന്നവർ ലജ്ജിക്കയില്ല -2 ഭയപ്പെടേണ്ട....

നദിപോലെ സമാധാനം പകർന്നീടും

കവിഞ്ഞൊഴുകും തോട്ടുപോലെ മഹത്വം

പെറ്റ തള്ളയെപ്പോൽ ആശ്വസിപ്പിച്ചീടും

സ്വർഗ്ഗസീയോൻപുരി എത്തുവോളവും -2 ഭയപ്പെടേണ്ട....

Seeyon sainyame nee unarnniduka

ninte vela vishwasthathayode thikachiduka

akruthyangalellam ettu parayuka

parishuddhane ninnil shudheekarikka...2

bhayappedenda ini bhayappedenda

daiva janam oru naalum bhayappedenda

viduthal ekuvaan veeryam pravarthikkaan

daivathin karaminnum kurukeettilla...2

oru jaathi onnaay janichidumo?

oru desham oru dinam kondu pirakkumo?

athupole athbhutham cheyyunna daivathil

vishwasicheedunnavar lajjikkayilla....2

bhayappedenda...

nadipole samaadhanam pakarnneedum

kavinjozhukum thodu pole mahathwam

petta thallayeppol aashvasippicheedum

swarga seeyon puri ethuvolavum...2

bhayappedenda...